Malappuram District Police

## 14/02/2018 അരീക്കോട്

മീതലൈൻ ഡയോക്സി ആംഫിറ്റാമിന് (എം. ഡി.എ.) എന്ന പുതുതലമുറ മയക്കുമരുന്ന് വേട്ടയുമായി ബന്ധപ്പെട്ട് അഞ്ചുപേർകൂടി പോലീസിന്റെ വലയിലായി. അഞ്ചുകോടിയോളം രൂപയുടെ മയക്കുമരുന്നുമായി അഞ്ചുപേരെ ഞായറാഴ്ച അരീക്കോട് പോലീസ് പിടികൂടിയിരുന്നു.

750 ഗ്രാം എം.ഡി.എ. സഹിതമാണ് അഞ്ചുപേർ അരീക്കോട് പോലീസിന്റെ പിടിയിലായത്. രണ്ടുമാസം മുൻപ് കോഴിക്കോട് വിമാനത്താവളം വഴി കടത്തിയ 18 ഗ്രാം എം.ഡി.എ. പിടികൂടിയതുമായി ബന്ധപ്പെട്ട് നടത്തിയ തുടരന്വേഷണമാണ് ഈ അറസ്റ്റിന് വഴിവെച്ചത്. അരീക്കോട് എസ്.ഐ കെ. സിനോദിന്റെ നേതൃത്വത്തിൽ പോലീസും ജില്ലാ പോലീസ് സൂപ്രണ്ടിന്റെ കീഴിൽ രൂപവത്കരിച്ച പ്രത്യേക അന്വേഷണസംഘവും കൈകോർത്ത് നടത്തിയ നീക്കങ്ങളുടെ വിജയമായിരുന്നു ഈ അറസ്റ്റ്. അഞ്ചുപേർ അറസ്റ്റിലായ വിവരം അരീക്കോട് സ്റ്റേഷനിൽവെച്ച് ഡിവൈ.എസ്.പി. ജലീൽ തോട്ടത്തിൽ അറിയിക്കുന്ന സമയത്തും സിനോദും സംഘവും കൂട്ടുപ്രതികളെത്തേടി തിരുവനന്തപുരത്തായിരുന്നു. തിരുവനന്തപുരത്ത് അരീക്കോട് പോലീസ് വിരിച്ച വലയിൽ അഞ്ചുപേർ അകപ്പെട്ടു. ഇവരെ അരീക്കോടെത്തിച്ച ശേഷമായിരിക്കും അറസ്റ്റ് രേഖപ്പെടുത്തുന്നത്.

പഞ്ചസാരയെക്കാളും നേർത്ത തരിരൂപത്തിലുള്ള ഈ ആധുനിക ലഹരിവസ്തു വൻകിടക്കാരുടെ പാർട്ടികളിലും നിശാക്ലബ്ബുകളിലും മറ്റും ഏതാനും വർഷങ്ങളായി ഉപയോഗിച്ചുവരുന്നുണ്ടെന്നാണ് പോലീസിനു ലഭിച്ച വിവരം. ദ്രാവകരൂപത്തിലും വാതകരൂപത്തിലും ഖരരൂപത്തിലുമായി രുചിച്ചും ശ്വസിച്ചും കുത്തിവെച്ചുമൊക്കെ സന്ദർഭത്തിനും സൗകര്യത്തിനുമനുസരിച്ച് ഉപയോഗിക്കാമെന്നതാണ് ഇതിന്റെ പ്രത്യേകത.